പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1051 | 05.03.2020 ൽ മറുപടിക്ക്

# റെയിൽവേ വികസന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ റെയിൽവേ വികസനകാര്യത്തിൽ അവഗണന ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും, ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, ടെർമിനലുകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം, എന്നിവയ്ക്ക് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇതിനോട് തികച്ചും നിഷേധാത്മകമായ സമീപനമാണ് കേന്ദ്രം അനുവർത്തിച്ചിട്ടുള്ളത്.<br>സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ഏകദേശം 164 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം - കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനലിന് പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി റെയിൽ), അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും മാത്രമാണ് നീക്കിവച്ചിട്ടുള്ളത്.<br>ഇതിൽ തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് വകയിരുത്തിയിട്ടുള്ള 133.5 കോടി രൂപയിൽ 128.5 കോടി രൂപ, (ഇ.ബി.ആർ ഐ.എഫ്) ഇനത്തിലും 5 കോടി രൂപ ക്യാപ്പിറ്റൽ ഇനത്തിലും ആണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ക്യാപിറ്റൽ |
| (ബി) | സംസ്ഥാനത്തെ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, സിഗ്നൽ പരിഷ്കരണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | ഇനത്തിലെ 5 കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.<br>എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, റെയിൽവേ സ്റ്റേഷനുകളുടെ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.<br>സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. കേന്ദ്രത്തിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനെതിരെ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം വിവിധ പദ്ധതികൾക്കായി സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന വിഹിതം അടിയന്തിരമായി അനുവദിക്കണമെന്നും ബഹു. മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | പി.പി.പി. മോഡൽ വഴി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഏതെങ്കിലും റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) യും (ഡി) യും | പി.പി.പി മോഡൽ വഴിയായി രാജ്യത്തെ റെയിൽവെ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവെ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവെ ആവശ്യപ്പെട്ടത് അനുസരിച്ച് കോഴിക്കോട് റെയിൽവെ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി കോഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്നേഴ്സിനെയും തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവെ സ്റ്റേഷൻ വികസനം വിവിധ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവെ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾക്ക് പുറമേ പാലക്കാട് ഡിവിഷന് കീഴിലുള്ള 11 റെയിൽവേ സ്റ്റേഷനുകൾക്ക് ISO 14001:2015 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനു കീഴിലുള്ള 16 റെയിൽവേ സ്റ്റേഷനുകളിലും, പാലക്കാട് ഡിവിഷനു കീഴിലുള്ള 4 റെയിൽവേ സ്റ്റേഷനുകളിലും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഡി) | കോഴിക്കോട്, തിരുവനന്തപുരം സ്റ്റേഷനുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ